നഗരവൽക്കരണ പ്രക്രിയ

21 (*318) ശ്രീമതി ഗിരിജാസുരേന്ദ്രൻ :
ഡോ. തോമസ് ഐസക് :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നഗരവൽക്കരണ പ്രക്രിയ മറ്റു സംസ്ഥാനങ്ങളുമായി തുലനം ചെയ്യുമ്പോൾ ഏത് അളവിലാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ശീഘ്രഗതിയിൽ നടക്കുന്ന ഗ്രാമങ്ങളുടെ നഗരവൽക്കരണംമൂലം സംസ്ഥാനത്ത് ഉണ്ടാകുന്ന പ്രതിസന്ധികൾ എന്തൊക്കെയാണെന്ന് സർക്കാർ തിട്ടപ്പെടുത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ അവ എന്തെല്ലാം ;

(ഡി) നഗരവൽക്കരണം തടയുന്നതിന് എന്തെങ്കിലും പദ്ധതി ആലോചിച്ചിട്ടുണ്ടോ ;

(ഇ) ഗ്രാമീണ ജീവിതത്തിന് ആവശ്യമായ പശ്ചാത്തല സൗകര്യം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള) :

(എ) ഇന്ത്യയുടെ നഗരവൽക്കരണ തോത് 2001-ലെ കനേഷുമാരി പ്രകാരം 27.78% ആണ്. കേരളത്തിൽ ഇതേസമയം 25.97%-വും തമിഴ്നാട്, കർണ്ണാടകം എന്നിവിടങ്ങളിൽ യഥാക്രമം 43.86%വും 33.98%-വും ആണ്. ദേശീയ നഗരവൽക്കരണ തോതിൽ നിന്നും താഴെയാണ് കേരളത്തിന്റെ സ്ഥിതിയെങ്കിലും കേരളത്തിന്റെ നഗരഗ്രാമ തുടർച്ച മറ്റു സംസ്ഥാനങ്ങളിൽ നിന്നും വിഭിന്നമായ ഒരു സവിശേഷതയാണ്.

(ബി)&(സി) നഗരങ്ങളുടെയും ഗ്രാമങ്ങളുടെയും ആസൂത്രിതമല്ലാത്ത നഗരവൽക്കരണം മൂലം വികസന പ്രവർത്തനങ്ങൾ ആസൂത്രിതമല്ലാതെ നടന്നുവരുന്നു. ഉദാഹരണത്തിന് കേരള വികസന പദ്ധതിയിൽ റോഡ് വികസനത്തിന് പദ്ധതികൾ തെരഞ്ഞെടുക്കുമ്പോൾ ഓരോ പഞ്ചായത്തിന്റെയും ആവശ്യങ്ങളും ഒപ്പംതന്നെ ആ പഞ്ചായത്തിനെ ജില്ലയിലെ മറ്റു പഞ്ചായത്തുകളുമായും നഗരങ്ങളുമായും ജില്ലാ റോഡുകൾ/സംസ്ഥാന പാതകൾ എന്നിവയുമായും ബന്ധിപ്പിക്കുന്ന പദ്ധതികൾക്കു കൂടി മുൻഗണന നൽകേണ്ടതാണ്. ഓരോ പഞ്ചായത്തിന്റെയും തദ്ദേശ വികസനം ഉറപ്പാക്കാൻ ഇത്തരത്തിലുള്ള പദ്ധതികൾ ഉപകരിക്കുന്നതാണ്. അതുപോലെ തന്നെ മറ്റ് മേഖലകളിലെ പദ്ധതികൾ തിരഞ്ഞെടുക്കുമ്പോൾ അവയുടെ സ്ഥാനനിർണ്ണയം ചെയ്യുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇത്തരത്തിലുള്ള പ്രതിസന്ധികൾ ഓരോ പഞ്ചായത്തിനെയും കുറിച്ചുള്ള വിശദമായ പഠനങ്ങളിൽനിന്ന് മാത്രമേ മനസ്സിലാക്കാൻ കഴിയുകയുള്ളൂ. സംസ്ഥാനത്തെ മൊത്തം നഗരങ്ങളും പഞ്ചായത്തുകളും ഉൾപ്പെടുത്തി ഒരു സംസ്ഥാന സ്പെഷ്യൽ പ്ലാനിന് രൂപം നൽകുന്നതിനായി നഗര-ഗ്രാമസൂത്രണ വകുപ്പിൽ പഠനങ്ങൾ നടന്നുവരുന്നു. ഇതിൽനിന്നും സംസ്ഥാനത്തിന്റെ മൊത്തമായ വികസനത്തിന് ഓരോ പഞ്ചായത്തിനുമുള്ള പങ്ക് മനസ്സിലാക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നഗരവൽക്കരണം തടയുന്നതിന് പദ്ധതികൾ ആലോചിച്ചിട്ടില്ല. എന്നാൽ. നഗരവൽക്കരണം ശരിയായ ദിശയിലൂടെ നയിച്ച് അതാത് പ്രദേശത്തിന്റെ ആസൂത്രിത വികസനത്തിന് വഴി തെളിക്കും വിധമാണ് നഗരാസൂത്രണ പദ്ധതികൾ തയ്യാറാക്കുന്നത്.

(ഇ) സംസ്ഥാന സ്പെഷ്യൽ ഡെവലപ്മെന്റ് പ്ലാനും ഓരോ ജില്ലയുടെയും ജില്ലാ വികസന പ്ലാനും തയ്യാറാക്കിക്കഴിഞ്ഞാൽ സംസ്ഥാനത്തെ ഓരോ പഞ്ചായത്തിനും സംസ്ഥാനത്തിന്റെ മൊത്തമായ വികസനത്തിനുള്ള പങ്ക് വ്യക്തമായി അറിയാൻ കഴിയുന്നു. ഇതിനു പുറമേ കേരള വികസനപദ്ധതിപ്രകാരം ഓരോ പഞ്ചായത്തിനും വികസന പദ്ധതികൾ അതാത് പഞ്ചായത്തിൽത്തന്നെ തയ്യാറാക്കുന്നുണ്ട്. ഇത്തരത്തിലുള്ള പദ്ധതി സമാഹരണത്തിൽ നിന്നും പദ്ധതികൾ തിരഞ്ഞെടുത്ത് നടപ്പിലാക്കിയാൽ ഓരോ പഞ്ചായത്തിലും പശ്ചാത്തല സൗകര്യവികസനം ഉറപ്പാക്കാവുന്നതാണ്.

സസ്റ്റെയിൻഡ് അർബൻ ഡവലപ്മെന്റ് പ്രോഗ്രാമിനുള്ള എ.ഡി.ബി. സഹായം

22 (*319) ശ്രീമതി മേഴ്സി രവി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ.വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ സിറ്റി-മുനിസിപ്പൽ കോർപ്പറേഷനുകളിലും സസ്റ്റെയിൻഡ് അർബൻ ഡവലപ്മെന്റ് പ്രോഗ്രാമിനുള്ള ഒരു പദ്ധതി അംഗീകരിച്ചിട്ടുണ്ടോ ;

(ബി) ഇതിനുവേണ്ടി എ.ഡി.ബി. എന്തു തുക നൽകും ;

(സി) എന്തെല്ലാം വ്യവസ്ഥയിലാണ് തുക നൽകുന്നത് ;

(ഡി) ഈ തുക വിനിയോഗിച്ച് എന്തെല്ലാം പരിപാടികളാണ് നടപ്പാക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള) :

(എ) സംസ്ഥാനത്തെ 5 കോർപ്പറേഷനുകളിൽ ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. പദ്ധതിക്ക് അന്തിമ രൂപമായിട്ടില്ല.

(ബി) 12,55,000 ഡോളറിന്റെ സഹായം പ്രതീക്ഷിക്കുന്നു.

(സി&ഡി) എ.ഡി.ബി. സഹായത്തിന്റെ വ്യവസ്ഥകൾ അന്തിമമായി അംഗീകരിച്ചിട്ടില്ല. കരട് എയിഡ് മെമ്മോയർ അംഗീകരിച്ച ശേഷം കേന്ദ്രഗവൺമെന്റുമായി ആലോചിച്ച് തീരുമാനിക്കും.

LIBRARY ARCHIVES Kerala Legislative Assembly